ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ നടപടി

135 (2267) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. യു. സി. രാമൻ :
ശ്രീ. കളത്തിൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെ വരുമാനമുള്ള കുടുംബങ്ങളുടെ ലിസ്റ്റ് പൂർത്തിയായിട്ടുണ്ടോ ;

(ബി) ഏതെല്ലാം ജില്ലകളിൽ പ്രസ്തുത ലിസ്റ്റ് പൂർത്തിയാക്കിയിട്ടുണ്ട് ;

(സി) ഇവ എന്നത്തേക്ക് പ്രസിദ്ധീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ ലിസ്റ്റ് പ്രസിദ്ധീകരിക്കാതിരിക്കുന്നതുകൊണ്ട് അർഹമായ പലർക്കും ലഭിക്കേണ്ട ആനുകൂല്യങ്ങൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ പ്രസ്തുത ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് ദാരിദ്ര്യരേഖാ സെൻസസ് നടന്നു വരുന്നതേയുള്ളൂ. സെൻസസ് പൂർത്തിയായശേഷമേ ലിസ്റ്റ് പ്രസിദ്ധീകരിക്കുകയുള്ളൂ.

(സി) 2003 സെപ്റ്റംബർ മാസാവസാനത്തോടെ പ്രസിദ്ധീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) ആനുകൂല്യങ്ങൾ നഷ്ടപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിലുള്ള ലിസ്റ്റ് പ്രകാരം ആനുകൂല്യങ്ങൾ നൽകിവരുന്നു.

(ഇ) ദാരിദ്ര്യരേഖാ സെൻസസ് പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനും ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

വിവിധ ഏജൻസികൾ മുഖേന ശ്രീകൃഷ്ണപുരം നിയോജക മണ്ഡലത്തിൽ നടത്തിയ വികസന പ്രവർത്തനങ്ങൾ

136 (2268) ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമവികസന വകുപ്പിന്റെ കീഴിൽ വിവിധ ഏജൻസികൾ മുഖേന ശ്രീകൃഷ്ണപുരം നിയോജക മണ്ഡലത്തിൽ 2002-2003 കാലയളവിൽ എന്ത് തുകയുടെ വികസന പ്രവർത്തനം നടത്തിയെന്ന് വെളിപ്പെടുത്തുമോ ; അവ ഏതെല്ലാം ;

(ബി) ഏതെല്ലാം ഏജൻസികൾ മുഖേനയെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly